Draft #60 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2024 03:38 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം:- സർവ്വകലാശാലയിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ (FYUGP) നടത്തിപ്പ് - തസ്തിക ക്രമീകരണം, സെക്ഷൻ രൂപീകരണം, സെക്ഷൻ ഓഫീസർ / അസിസ്റ്റന്റ് / കമ്പ്യൂട്ടർ അസിസ്റ്റന്റ്മാരുടെ സ്ഥലം മാറ്റം, അധിക ചുമതല നൽകൽ - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 193/AD A1/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 06.01.2024

*പരാമർശം:*-1. സർവ്വകലാശാലാ ഉത്തരവ് നമ്പർ 11410/AD A1/2023/എം.ജി.യു., തീയതി 13.11.2023.
2. സർവ്വകലാശാലാ ഉത്തരവ് നമ്പർ 12723/AD A4/2023/എം.ജി.യു., തീയതി 19.12.2023.
3. ബഹു. വൈസ് ചാൻസലറുടെ 06.01.2024 തീയതിയിലെ വി.സി.702/2/004/2024 നമ്പർ കുറിപ്പ്.

**ഉത്തരവ്**

സർവ്വകലാശാലയിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ (FYUGP) നടത്തിപ്പുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് അംഗം ഡോ. ബിജു പുഷ്പൻ ചെയർമാനായി ഇംപ്ലിമെന്റേഷൻ കമ്മറ്റി രൂപീകരിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് (BOS) ക്യാമ്പുകളും സിലബസിൻറെ സൂക്ഷ്മ പരിശോധനയും നടന്നുവരികയാണ്. FYUGP കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കായി പരാമർശം (1), (2) പ്രകാരം പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിൽ 2 അസിസ്റ്റൻറുമാരുടെയും 2 കമ്പ്യൂട്ടർ അസിസ്റ്റൻറുമാരുടെയും സേവനം ലഭ്യമാക്കിയിരുന്നു.

നാല് വർഷ ബിരുദ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനും അക്കാദമികമായ തുടർപ്രവർത്തനങ്ങൾക്കുമായി താഴെ പറയും വിധം ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് പരാമർശം (3) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. പ്രൊ - വൈസ് ചാൻസലറുടെ ഓഫീസിലെ സെക്ഷൻ ഓഫീസറുടെ തസ്തിക അക്കാദമിക വിഭാഗത്തിലേക്ക് മാറ്റി Ac A-16 സെക്ഷൻ രൂപീകരിക്കുന്നു.
2. Ac A-9 സെക്ഷനിലെ FYUGP-യുമായി ബന്ധപ്പെട്ട മുഴുവൻ ചുമതലകളും Ac A-16 സെക്ഷനിലേക്ക് കൈമാറുന്നു.
3. FYUGP-യുമായി ബന്ധപ്പെട്ട സർവ്വകലാശാലാ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന ജോലികളും മറ്റ് അനുബന്ധ ജോലികളും Ac A-16 സെക്ഷൻ നിർവ്വഹിക്കേണ്ടതാണ്.
4. Ac A-16 സെക്ഷൻ പ്രവർത്തിക്കുന്നതിനുള്ള സ്ഥലസൗകര്യം സെൽഫ് ഫിനാൻസിംഗ് വിഭാഗത്തിൽ താത്ക്കാലികമായി അനുവദിക്കുന്നു.
5. CBCSS 13 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി രജനി വി. ആർ. (PEN-2778)-നെ, Ac A-16 സെക്ഷൻറെ സെക്ഷൻ ഓഫീസറായി സ്ഥലംമാറ്റി നിയമിക്കുന്നു.
6. Ac A-16 സെക്ഷൻറെ മേൽനോട്ട ചുമതല അസിസ്റ്റൻറ് രജിസ്ട്രാർ 3 (അക്കാദമിക വിഭാഗം)-ന് നൽകുന്നു.
7. Ac A-16 സെക്ഷനിലെ ഫയലുകൾ അസിസ്റ്റൻറ് രജിസ്ട്രാർ 3 (അക്കാദമിക വിഭാഗം) മുഖേന ഡെപ്യൂട്ടി രജിസ്ട്രാർ 2 (അക്കാദമിക വിഭാഗം)-നും തുടർന്ന് ജോയിൻറ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)-നും സമർപ്പിക്കേണ്ടതാണ്.

8. പരാമർശം (1) പ്രകാരം നിയോഗിക്കപ്പെട്ടിരുന്ന CD 1 സെക്ഷനിലെ അസിസ്റ്റൻറ് ആയ ശ്രീമതി ജിജിത എസ്. (PEN-3904)-നെ Ac A-16 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു. ശ്രീ. ശ്രീകാന്ത് വി. എസ്. (PEN-3965), അസിസ്റ്റൻറിനെ പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിൽ നിലനിർത്തുന്നു.

9. പരാമർശം (2) പ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ തുടരുന്ന കമ്പ്യൂട്ടർ അസിസ്റ്റൻറുമാരെ ആറ് മാസത്തേക്ക് / FYUGP-പ്രോഗ്രാം ജോലികൾ പൂർത്തിയാകുന്നതുവരെ Ac A-16 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

10. പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസർ ആയ ശ്രീമതി താരാ നായർ (PEN-2706)-നെ CBCSS-13 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

11. പ്രൊ വൈസ് ചാൻസലറുടെ കാര്യാലയത്തിലെ സെക്ഷൻ ഓഫീസറുടെ നിലവിലെ ചുമതലകൾ തുടർന്ന് ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ വൈസ് ചാൻസലറുടെ ഓഫീസിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയ ശ്രീ. മുഹമ്മദ് നാസർ എം. (PEN-2012)-ന് താൽക്കാലികമായി നൽകുന്നു.

12. ശ്രീമതി താരാ നായർ അവധിയിൽ തുടരുന്നതിനാൽ, CBCSS-13 സെക്ഷൻ ഓഫീസറുടെ താൽക്കാലിക അധികചുമതല, 29.02.2024 വരെ / ടിയാരി അവധിയിൽ നിന്ന് തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെ, CBCSS-4 സെക്ഷനിലെ ഹയർ ഗ്രേഡ് സെക്ഷൻ ഓഫീസർ ആയ ശ്രീ. സെബാസ്റ്റ്യൻ ജോർജ് (PEN-1988)-ന് നൽകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് എ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം.ജി.സർവ്വകലാശാല
6. പി. ആർ. ഒ./ഐ.ടി.സെൽ1/2/യൂണിവേഴ്സിറ്റി വെബ്സൈറ്റ്/ എസ്റ്റേറ്റ് ഓഫീസർ
7. റെക്കോർഡ്സ് സെക്ഷൻ/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #60 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 06-Jan-2024 03:38 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം